LIBRARY ARCHIVES Kerala Legislative Assembly

റേഷൻകാർഡ് പുതുക്കുന്ന നടപടി

218(3104) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് തയ്യാറാക്കുന്നതിനുള്ള കരാർ ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു; പുതിയ കാർഡ് തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്;

(ബി) കാർഡ് തയ്യാറാക്കുന്നതിനുള്ള വിവരശേഖരണ പ്രക്രിയയിൽ വ്യാപകമായ ക്രമക്കേടുകളും തെറ്റുകളും കടന്നുകൂടാനുണ്ടായ സാഹചര്യം വിശദമാക്കുമോ; വിവരശേഖരണത്തിന് സ്വീകരിച്ച രീതി എന്തായിരുന്നു;

(സി) കാർഡ് പുതുക്കുന്ന പ്രവർത്തനം എത്ര തുകയ്ക്കാണ് നൽകിയിരുന്നത്; ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കരാർ ഏജൻസിക്ക് ഇതിനകം എത്ര തുക നൽകിക്കഴിഞ്ഞു എന്ന് വിശദമാക്കുമോ;

(ഡി) കരാർ നൽകിയതിലും കാർഡ് തയ്യാറാക്കൽ പ്രക്രിയ പൂർത്തിയാകാതെ ഏജൻസിക്ക് പണം നൽകിയതിലും അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാർഡ് പുതുക്കി നൽകുന്ന നടപടി അനന്തമായി നീളുന്നത് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽനിന്നും കേരളം പുറത്താകുന്നതിന് കാരണമാകാനിടയുണ്ടോ?

ഉത്തരം

(എ) പുതിയ റേഷൻ കാർഡ് തയ്യാറാക്കുന്നതിന് ഒരു ഏജൻസിക്കും കരാർ നൽകിയിട്ടില്ല. പൊതുവിതരണ വകുപ്പ് എൻ.ഐ.സി.-യുടെ സഹായത്തോടെയാണ് ടി പ്രവർത്തി നടപ്പിൽ വരുത്തുന്നത്. സർക്കാർ ഏജൻസിയായി സി-ഡിറ്റ് ആണ് റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി റേഷൻ കാർഡ് പുതുക്കലിന്റെ വിവിധ ഘട്ടങ്ങളായ പ്രീ-പോപ്പുലേറ്റഡ് ഫോറം പ്രിന്റിംഗ്, ഫോട്ടോ എടുക്കൽ, ഡാറ്റാ എൻട്രി നടത്തൽ, കരട്/അന്തിമ മുൻഗണനാ പട്ടിക അച്ചടിച്ച് നൽകൽ, റേഷൻ

കാർഡിന്റെ പുറം ചട്ട അച്ചടിച്ച്, ഇന്നർ ഷീറ്റുകളുമായി ചേർത്ത് നൽകൽ എന്നിവയാണ് സി-ഡിറ്റ് ചെയ്യുന്നത്. ഡാറ്റാ എൻട്രിക്കായി സർക്കാർ ഏജൻസികളായ അക്ഷയയും കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ ഉന്നതി കൺസോർഷ്യവും ഏർപ്പെട്ടിട്ടുണ്ട്. ഇന്നർഷീറ്റുകൾ അച്ചടിച്ച് നൽകുന്നതിനായി കേരള ബുക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) വിവരശേഖരണത്തിനായി റേഷൻ കടകൾവഴി നൽകിയിരുന്ന പ്രീ-പോപ്പുലേറ്റഡ് ഫോറത്തോടൊപ്പം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ലഘുരേഖയും നൽകിയിരുന്നു. വ്യക്തമായി പൂരിപ്പിച്ച് നൽകുന്നതിനായി ആവശ്യമായ പ്രചാരണം സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും നൽകിയിരുന്നു. കാർഡുടമകളെ സഹായിക്കുന്നതിന് റേഷൻ കട ലൈസൻസികൾക്ക് പരിശീലനം നൽകിയിരുന്നു. പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റും ജില്ലാ സപ്ലൈ ഓഫീസുകളും കേന്ദ്രമാക്കി കൺട്രോൾ റൂം പ്രവർത്തിച്ചിരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺസ്യൂമർ ഹെൽപ്പ് ലൈനോടൊപ്പം രാവിലെ 6 മണി മുതൽ രാത്രി 10 വരെ പ്രവർത്തിക്കുന്ന മൂന്ന് ഫോണുകളും സംശയ നിവാരണത്തിനായി പ്രവർത്തിച്ചിരുന്നു. ഫോട്ടോ ക്യാമ്പുകളിൽ കാർഡുടമകളെ സഹായിക്കുന്നതിനായി ഹെൽപ്പ് ഡെസ്കുകളും ഏർപ്പെടുത്തിയിരുന്നു. ഡാറ്റാ എൻട്രി നടത്തിയശേഷം തെറ്റുകൾ തിരുത്തുന്നതിനായി റേഷൻ കടകളിലൂടെ കരട് ഡേറ്റാ ഫോം സൗജന്യമായി നൽകിയിരുന്നു. തെറ്റ് തിരുത്തൽ രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

(സി) വിവിധ ഘട്ടങ്ങളിലായി വിവിധ ഏജൻസികൾക്ക് നൽകിയ തുക താഴെ പറയുന്നു.

<u>സി-ഡിറ്റ്</u>		
പ്രീ-പോപ്പുലേറ്റഡ് ഫോറം അച്ചടി	-	2,34,56,037
ഫോട്ടോ ക്യാമ്പുകൾ	-	8,45,82,286
ഡാറ്റാ എൻട്രി	-	9,05,47,505
<u>അക്ഷയ</u>		
ഡാറ്റാ എൻട്രി	-	5,96,11,908
<u>ഉന്നതി (കുടുംബശ്രീ)</u>		
ഡേറ്റാ എൻട്രി	-	2,73,37,073

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) 31-3-2016-ന് റേഷൻ കാർഡുകൾ നൽകന്ന നടപടികൾ പൂർത്തിയാക്കു മെന്നതിനാൽ ഇപ്രകാരമുള്ള ഒരാശങ്കയ്ക്കും വകയില്ല.

അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ ഒഴിവുകൾ

219(3105) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ 2013 ഏപ്രിൽ 22-ാം തീയതി നിലവിൽ വന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്നും പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികളുടെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

കോട്ടയം ജില്ലയിൽ 2013 ഏപ്രിൽ 22-ാം തീയതി നിലവിൽ വന്ന അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റിൽനിന്നും, രാജിവെച്ചവരുടെ ഒഴിവുകളിലേക്കുള്ള നിയമനമടക്കം 276 നിയമന ഉത്തരവുകൾ സപ്ലൈകോ നൽകിയിട്ടുണ്ട്. നിലവിലുള്ള 2 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലുള്ള ജീവനക്കാർ

220(3106) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; വ്യക്തമാക്കുമോ; ഇതിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ എത്ര; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിൽ 3112 ജീവനക്കാർ ഉണ്ട്. ഇതിൽ 1105 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്.

LIBRARY ARCHIVES Kerala Legislative Assembly